# BHARTIYA BHASHA, SIKSHA, SAHITYA EVAM SHODH

## भारतीय भाषा, शिक्षा, साहित्य एवं शोध

**ISSN 2321 – 9726**

*An Internationally Indexed Peer Reviewed & Refereed Journal*

**WWW.BHARTIYASHODH.COM**
**www.isarasolutions.com**

Published by iSaRa Solutions

## റവ.ജോർജ് മാത്തൻ - മലയാളവഴികൾ

## Rev. George Mathen - Malayalam Ways

Dr. Sudha Mary Thomas
Asst. Professor
Dept. of Malayalam
Bishop Moore College,
Mavelikkara, Alappuzha
Kerala
Ph: 9961584906
Email: sudhamarythomas@gmail.com

**The symbolism of Malayalam prose begins with Rev. From George Mathen. His interventions in the field of literature and society in the nineteenth century deserve special study. His social activities were based on nationalism. At the same time, he explained his forms of knowledge through a variety of thematic themes. Any ideas written in the written language of Malayalam go to George Mathen. The first definite rules regarding Malayalam grammar are found in the grammar of Malayalam. It can be seen that the language world rejects this fact.**

മലയാളഗദ്യത്തിന്റെ അടയാളവഴികൾ ആരംഭിക്കുന്നത് റവ. ജോർജ്ജ് മാത്തനിൽനിന്നാണ്. അദ്ദേഹത്തിന്റെ, പത്തൊൻപതാംനൂറ്റാണ്ടിലെ സാഹിത്യസാമൂഹികരംഗത്തെ ഇടപെടലുകൾ സവിശേഷപഠനം വേണ്ടവയാണ്. ദേശീയതയിലൂന്നികൊണ്ടാണ് അദ്ദേഹത്തിന്റെ സാമൂഹികപ്രവർത്തനങ്ങൾ രൂപംകൊണ്ടത്. ഒപ്പംതന്നെ ബഹുസ്വരതയിലൂന്നിയ വിഷയവൈവിധ്യങ്ങളിലൂടെ തന്റെ ജ്ഞാനരൂപങ്ങളെ വിശദമാക്കുകയും ചെയ്തു. മലയാളത്തിലെ ലിഖിതഭാഷയിലെഴുതിയ ഏതുതരത്തിലുള്ള ആശയങ്ങളും ചെന്നെത്തുന്നത് ജോർജ്ജ് മാത്തനിലാണ്. മലയാളവ്യാകരണത്തെ സംബന്ധിച്ചു ഉറപ്പുള്ള നിയമങ്ങൾ ആദ്യം കണ്ടെത്തുന്നത് മലയാഴ്മയുടെ വ്യാകരണത്തിലാണ്. ഈ സംഗതിയെ ഭാഷാലോകം തിരസ്കരിക്കുന്നതായാണ് കാണാൻ കഴിയുക. ആത്മീയതയെ സാമൂഹികതയുമായി ഇഴചേർത്ത് നവസമൂഹം സൃഷ്ടിക്കുകയാണ് അദ്ദേഹം ചെയ്തത്. ഒരു ജനതയെ സംബന്ധിച്ചിടത്തോളം മനുഷ്യൻ അടിമയായി ജീവിക്കുക എന്നകാര്യം ഏറ്റവും ഹീനമായ അവസ്ഥയാണ്. അടിമത്തം എന്ന രൂപകത്തെ ആക്രമിച്ച് മനുഷ്യനെ മനുഷ്യനാക്കുകയാണ് അദ്ദേഹം ചെയ്തത്. ധാരാളം ഭാഷകളിൽ അറിവുണ്ടായിരുന്ന അദ്ദേഹമാണ് മലയാളത്തെ വൈജ്ഞാനികഭാഷയാക്കുന്നതിൽ പ്രഥമസ്ഥാനീയനും. പത്തൊൻപതാംനൂറ്റാണ്ടിലെ മലയാളഭാഷയെ വൈജ്ഞാനികതുറസ്സിലേക്ക് എത്തിക്കുക എന്നത് ശ്രമകരമായ സംഗതിയാണ്. അദ്ദേഹം ഇതിനെ ലാഘവത്തോടെ സമീപിച്ച് മലയാളഭാഷയുടെ പ്രമാണികത്വത്തെ ലോകഭാഷകൾക്കു മുമ്പിൽ അവതരിപ്പിച്ചു.

പത്തൊമ്പതാംനൂറ്റാണ്ട് കേരളത്തിന്റെ സാമൂഹിക-സാംസ്കാരികരംഗങ്ങളിൽ മുന്നേറ്റമുണ്ടായ കാലമാണ്. ബ്രിട്ടീഷ് ഭരണാധികാരികളുടെ പ്രയത്നങ്ങളും മിഷനറിമാരുടെ ബോധവല്ക്കരണവും തദ്ദേശീയരായ സാമൂഹിക-സാമുദായികപരിഷ്കർത്താക്കളുടെ ഇടപെടലുകളും കേരളത്തിന്റെ അന്നത്തെ അന്തരീക്ഷത്തിൽ അനിവാര്യമായിരുന്ന പരിവർത്തനങ്ങൾക്ക് വഴിയൊരുക്കി. അച്ചടിരംഗത്തുണ്ടായ വിപ്ലവകരമായ പുരോഗമനം ഈ മാറ്റങ്ങൾക്ക് ശക്തമായ ചാലകശക്തിയായി ഭവിച്ചു. അതോടൊപ്പം പാശ്ചാത്യവൈജ്ഞാനികമേഖലകളിലെ നൂതനസരണികൾ പരിചയിക്കുവാനും കേരളീയർക്ക് സാധിച്ചു. ഇത് മലയാളഭാഷയുടെയും വൈജ്ഞാനികശാഖകളുടെയും പത്രപ്രവർത്തനത്തിന്റെയും വളർച്ചയെ ത്വരിതപ്പെടുത്തി. പരാമൃഷ്ടകാലത്ത് ഈ മേഖലകളിൽ നിസ്വാർത്ഥമായി പ്രവർത്തിച്ച പൂർവ്വസൂരികളിൽ പ്രധാനിയാണ് റവ.ജോർജ് മാത്തൻ.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ മലയാളഭാഷയ്ക്ക് മലയാളത്തിൽ വ്യാകരണഗ്രന്ഥങ്ങളൊന്നും തന്നെ ലഭ്യമല്ലായിരുന്നു. അന്യഭാഷകളുടെ സാഹ്യം കൂടാതെ മലയാളവ്യാകരണത്തെ സംബന്ധിച്ച ആധികാരികഗ്രന്ഥം രചിക്കുക എന്നത് സാഹസമായി കരുതപ്പെട്ടിരുന്ന സാഹചര്യത്തിലാണ് റവ.ജോർജ് മാത്തൻ രചനാമാധ്യമമായി സംസ്കൃതമോ ഇംഗ്ലീഷോ സ്വീകരിക്കാതെ മലയാളത്തിൽത്തന്നെ ഒരു വ്യാകരണകൃതി ഇദംപ്രഥമമായി രചിക്കുന്നത്. 1851-ൽ രചന പൂർത്തിയായ ഈ കൃതി 1863-ൽ പ്രസിദ്ധീകരിക്കപ്പെട്ടു. സത്യവാദഖേടം, ബാലാഭ്യസനം, മറുജന്മം, ഒരു സംവാദം എന്നിവ മലയാളഗദ്യരചനയിൽ അദ്ദേഹത്തിനുള്ള പ്രാവീണ്യം വ്യക്തമാക്കുന്നു. വിദ്യാഭ്യാസപ്രചരണം, അടിമോദ്ധാരണം, പത്രപ്രവർത്തനം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ സാമൂഹികനവോത്ഥാനങ്ങളിൽ പങ്കാളിയാകുവാനും അദ്ദേഹത്തിനു സാധിച്ചു.

### ജീവചരിത്രസംക്ഷേപം

1819 സെപ്റ്റംബർ 25-ാംം തീയതി ചെങ്ങന്നൂരിന് സമീപത്തുള്ള പുത്തൻകാവിൽ കിഴക്കേത്തലയ്ക്കൽ മാത്തൻ തരകന്റെ മകനായി ജോർജ് മാത്തൻ ജനിച്ചു. പിതാവിന്റെ മരണശേഷം പിതൃസഹോദരനായ കുര്യൻ കത്തനാരുടെ സംരക്ഷണയിൽ വളർന്ന ജോർജ് ഒൻപതാം വയസ്സിൽ ചേപ്പാട് മാർ ദീവന്ന്യാസ്യോസ് മെത്രാപ്പോലീത്തായിൽനിന്നും കോറൂയോ പട്ടം സ്വീകരിച്ചു. അതിനുശേഷം കോട്ട'യം പഴയസെമിനാരിയിൽ പഠനം തുടങ്ങി. റവ: ജെ.പീറ്റ്, ഫെൻ, ബേക്കർ, ബെയിലി, പാലക്കുത്ത് അബ്രഹാം മല്പാൻ, കോനാട്ട് അബ്രഹാം മല്പാൻ, കോഴിക്കോട് കുഞ്ഞനാശാൻ തുടങ്ങിയവരായിരുന്നു അദ്ധ്യാപകർ.1837മുതൽ നാലുവർഷം മദ്രാസിൽ റവ: ജെ.എച്ച്. ഗ്രേയുടെ കീഴിലുണ്ടായിരുന്ന ബിഷപ്പ് കോറീസ് ഗ്രാമർ സ്കൂളിൽ പഠിച്ചു. മലയാളം, സംസ്കൃതം, ഇംഗ്ലീഷ്, സുറിയാനി, ഗ്രീക്ക്, ലാറ്റിൻ എന്നീ ഭാഷകളിൽ വ്യുല്പത്തി നേടി. 1844-ൽ ഡീക്കൻ പട്ടം സ്വീകരിച്ചു. അദ്ദേഹത്തിന്റെ ആദ്യപ്രവർത്തനരംഗം മാവേലിക്കര ആയിരുന്നു.റവ.

ജോസഫ് പീറ്റ്, റവ. ഹോക്സ്വർത്ത് എന്നിവരോടൊപ്പം അവിടെ പ്രവർത്തിച്ചു. 1845-ൽ മല്ലപ്പള്ളി പിക്കുഴിയിൽ വീട്ടിൽ ഈപ്പൻ തരകന്റെ മകൾ മറിയാമ്മയെ വിവാഹം ചെയ്തു. 1847-ൽ പ്രെസ്ബിറ്റർ പട്ടം സ്വീകരിച്ചു. മല്ലപ്പള്ളിയിലാണ് സഭ അദ്ദേഹത്തെ വൈദികജോലിക്കു നിയമിച്ചത്. അവിടെ അദ്ദേഹം പതിനാറു വർഷം സേവനമനുഷ്ഠിച്ചു. 1869-ൽ ഡൊമസ്റ്റിക് ചാപ്ലെയിനായി സ്ഥാനക്കയറ്റത്തോടെ തലവടിയിലേക്ക് സ്ഥലംമാറ്റം ലഭിച്ചു.1862-ൽ ആരംഭിച്ച രോഗം വീണ്ടുംവർദ്ധിച്ച് 1870 മാർച്ചുമാസം നാലാംതീയതി അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

**മലയാളിയായ ആദ്യവൈയാകരണൻ**

ഒരു മലയാളി മലയാളത്തിലെഴുതിയ പ്രഥമ വ്യാകരണഗ്രന്ഥമാണ് റവ.ജോർജ് മാത്തൻ രചിച്ച മലയാഴ്മയുടെ വ്യാകരണം. 1863-ൽ ആണ് ഇത് പ്രസിദ്ധീകരിയ്ക്കപ്പെട്ടത്. ഗ്രന്ഥാമുഖത്തിൽ ഹെൻറി ബേക്കർ സീനിയറും ഇ. ജോസണും 1852-ൽ എഴുതിയ കുറിപ്പുകളിൽനിന്നും ഇതിന്റെ രചനാകാലം ഗുണ്ടർട്ടിന്റെ വ്യാകരണഗ്രന്ഥത്തിനും മുമ്പാണെന്നും വ്യക്തമാകുന്നു. സംവൃതോകാരത്തെക്കുറിച്ച് ശാസ്ത്രീയമായി പ്രതിപാദിക്കുന്ന ആദ്യവ്യാകരണഗ്രന്ഥമാണീ കൃതി. മലയാളവർണ്ണങ്ങളുടെ ധ്വനിമൂല്യനിർണ്ണയനത്തിൽ ഈ വൈയാകരണൻ അങ്ങേയറ്റം സൂക്ഷ്മത പുലർത്തിയിട്ടുണ്ട്. ററ, ന, ര, റ, ല എന്നിവ ഉൾപ്പെട്ട മൗണ്യം എന്ന ഒരു പ്രത്യേകവിഭാഗത്തെക്കുറിച്ച് അദ്ദേഹം സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്, സംവൃതോകാരത്തെക്കുറിച്ച് ശാസ്ത്രീയമായി പ്രതിപാദിക്കുന്ന ആദ്യവ്യാകരണഗ്രന്ഥമാണീകൃതി. അർദ്ധാച്ചിനെക്കുറിച്ച് ഉദാഹരണസഹിതം ഈ കൃതിയിൽ വിശദമാക്കുന്നുണ്ട്. മലയാളത്തിൽ ചിഹ്നനത്തെപ്പറ്റി ആദ്യമായി പ്രസ്താവിച്ചുകാണുത് ഈ ഗ്രന്ഥത്തിലാണെന്ന് ഭാഷാഗദ്യസാഹിത്യചരിത്രത്തിൽ ടി. എം. ചുമ്മാർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

വ്യാകരണരചനയിൽ തന്റെതായ കാഴ്ചപ്പാടുണ്ടായിരുന്നു. അപഗ്രഥനാത്മകമായ വ്യാകരണരചനയായിരുന്നു മുന്നിൽ കണ്ടിരുന്നത്. സംസ്കൃതഭാഷയ്ക്കു ലഭിക്കുന്ന പ്രമാണികതയും മലയാളഭാഷയെ ഗൗരവതരത്തിലുള്ള വ്യവഹാരത്തിന് ഉപയോഗിക്കാതിരുന്നതും മലയാഴ്മയുടെ വ്യാകരണത്തിലേക്കെത്താൻ കാരണമായി. ദൈനംദിനജീവിതത്തിന്റെ പ്രയോഗത്തിലുപരിയായി ഭാഷയുടെ പ്രയോഗശുദ്ധിയേയും ശാസ്ത്രീയതയേയും വിശദമാക്കുന്നതാണ് വ്യാകരണം എന്ന് വ്യക്തമാക്കുന്നു.നാല്പത്തിയെട്ട് അക്ഷരങ്ങളെക്കൂട്ടിച്ചേർത്താണ് തന്റെ അക്ഷരമാലയെ ക്രമപ്പെടുത്തിയത്. മലയാഴ്മയുടെ വ്യാകരണം എന്ന വ്യാകരണഗ്രന്ഥം നിലനിൽക്കുന്നത് അന്നത്തെ ലളിതമായ വ്യവഹാരമലയാളത്തിനുള്ളിലാണ്. ലിഖിതഭാഷയിലാണ് ഓരോഭാഷയും വ്യാകരണനിയമങ്ങൾ പാലിച്ചുപോരുന്നത്. എന്നാൽ വ്യവഹാരഭാഷയിൽനിന്നു നിർമ്മിച്ച ഒരു വ്യാകരണഗ്രന്ഥം എന്തുകൊണ്ടും സവിശേഷസ്ഥാനം അർഹിക്കുന്നു. സംഭാഷണത്തിനൊപ്പം ഒഴുകിനീങ്ങുന്ന ശാസ്ത്രമാണ് മലയാഴ്മയുടെ വ്യാകരണം.

## പ്രബന്ധകാരൻ

1861-ൽ തിരുവിതാംകൂർ ഗവമെന്റ് നടത്തിയ പ്രബന്ധരചനാമത്സരത്തിൽ ഒന്നാം സ്ഥാനം റവ.ജോർജ് മാത്തൻ എഴുതിയ 'സത്യവാദഖേട'ത്തിനു ലഭിച്ചു. ഇതിൽ ഹിന്ദുശാസ്ത്രത്തിൽനിന്നും ക്രിസ്ത്യാനി വേദത്തിൽനിന്നും ഉദാഹരണങ്ങളും സാക്ഷ്യങ്ങളും ചേർത്തിരിക്കയാൽ പലർക്കും വിരോധത്തിനിടയുള്ളതുകൊണ്ട് അവ നീക്കംചെയ്യാതെ ഇതിനെ സർക്കാർവകയായി പ്രസിദ്ധപ്പെടുത്തുന്നതിന് സാധിക്കില്ലെന്നു അറിയിപ്പ് ലഭിച്ചതിനാലും പുസ്തകത്തിന്റെ സ്വഭാവത്തിനും ആകൃതിക്കും വളരെമാറ്റം വരുത്തിയിട്ടല്ലാതെ അവയെ നീക്കുന്ന്തിനു കഴിയാത്തതിനാലും സർക്കാരിൽനിന്ന് അനുമതിവാങ്ങി 1863-ൽ ഈ കൃതി സ്വന്തമായി പ്രസിദ്ധപ്പെടുത്തി. മാതാപിതാക്കന്മാർ മക്കളെ ചെറുപ്പംമുതൽ സത്യം സംസാരിപ്പിച്ചു ശീലിപ്പിക്കേണ്ടിയ ആവശ്യത്തെക്കുറിച്ച് ഒരു വിരുതുപ്രകരണം എന്നാണ് ഗ്രന്ഥാരംഭത്തിൽ കൊടുത്തിരിക്കുന്നത്. പ്രബന്ധങ്ങൾ എങ്ങനെ രചിക്കണമെന്നുള്ളതിന് മാർഗ്ഗദർശകമെന്നാണ് ഈ രചനയെക്കുറിച്ച് ഉള്ളൂർ രേഖപ്പെടുത്തിയിട്ടുള്ളത്. ക്രിസ്ത്യൻപശ്ചാത്തലത്തിൽ നിൽക്കുമ്പോഴും ഹൈന്ദവബിംബങ്ങളെ ഒപ്പംചേർത്തുക്കൊണ്ടാണ് പ്രബന്ധരചന നടത്തിയത്. കത്തനാരായി അടയാളപ്പെടുമ്പോഴും മറ്റുമതങ്ങളുടെയും പ്രതിനിധാനം ജോർജ്ജ് മാത്തനിൽ കാണപ്പെട്ടു. പ്രബന്ധഭാഷയും അനുവാചകഭാഷയും തമ്മിൽ ഉണ്ടാകേണ്ട ഒത്തുചേരലിനെക്കുറിച്ച് അദ്ദേഹത്തിന് നല്ല ബോധ്യമുണ്ടായിരുന്നു. ഭാഷയും ആശയവും തമ്മിലുള്ള ജൈവബന്ധമാണ് പ്രബന്ധങ്ങളിൽ കാണാൻ സാധിക്കുന്നത്. ധാരാളം ഉദാഹരണങ്ങൾ പ്രബന്ധശരീരത്തിൽ നൽകുകയെന്നത് മറ്റൊരു പ്രത്യേകതയാണ്. ആശയത്തെ ആവിഷ്ക്കരിക്കുന്നതിലുപരിയായി അതിനെ വ്യാഖ്യാനിക്കുക എന്ന ലക്ഷ്യമാണ് പ്രബന്ധത്തിൽ കണ്ടെത്താൻ കഴിയുന്നത്, സംവേദനാത്മകതയിലുന്നിയാണ് ജോർജ്ജ് മാത്തന്റെ പ്രബന്ധങ്ങൾ നിൽക്കുന്നത്.

## പ്രഭാഷകൻ

1861 ഓഗസ്റ്റ് 13-ാം തീയതി കൊല്ലം ഡിവിഷൻ കച്ചേരിയിൽവച്ച് 'രാമരായരു ദിവാൻ ബേഷ്ക്കാരുടെ വിരുതിപ്രകാരം'റവ.ജോർജ് മാത്തൻ നടത്തിയ പ്രഭാഷണം അതേ വർഷം കോട്ടയം സി.എം. എസ്.പ്രസ്സിൽനിന്നും 'ബാലാഭ്യസനം' എന്നപേരിൽ പ്രസിദ്ധപ്പെടുത്തി. ആധുനിക വിദ്യാഭ്യാസവിചക്ഷണന്മാരുടെ ഏറ്റവും നവീനമെന്ന് അംഗീകരിക്കപ്പെട്ട വീക്ഷണങ്ങൾ ഒരുനൂറ്റാണ്ടുമുമ്പ് അദ്ദേഹം ഇതിൽ അവതരിപ്പിച്ചിട്ടുണ്ട്. അഭ്യസനത്തിലൂടെ മനുഷ്യനുണ്ടാകുന്ന ഉയർച്ചയെപ്പറ്റി സോദാഹരണം വിശദമാക്കുന്നുണ്ട്. സമൂഹത്തിൽ എല്ലാവർക്കും വിദ്യാഭ്യാസം പ്രാപ്യമാകുന്ന സാർവ്വലൗകിക വിദ്യാഭ്യാസം ആണ് അദ്ദേഹം വിഭാവനം ചെയ്തത്. പഠനമാദ്ധ്യമം മാതൃഭാഷ ആയിരിക്കണമെന്ന് അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. പാഠ്യപദ്ധതിയിൽ എന്തൊക്കെ ഉൾപ്പെടുത്തണം, എന്തൊക്കെ ഒഴിവാക്കണമെതിനെക്കുറിച്ചും കാര്യകാരണസഹിതം പ്രതിപാദിച്ചിട്ടുണ്ട്.

ഭാരതപൈതൃകത്തിൽ നാം അഭിമാനിക്കണമെന്നും അദ്ദേഹം ഓർമ്മപ്പെടുത്തുന്നു. വൈദികവൃത്തി ജീവിതമായി ഏറ്റെടുക്കുന്ന ഒരാളുടെ അഹത്തെയാണ് പ്രഭാഷണം വിശദമാക്കേണ്ടത്. എന്നാൽ മതനിരപക്ഷമായ ആത്മീയപ്രഭാഷണങ്ങളാണ് ഇദ്ദേഹം നിർവഹിച്ചിരുന്നത്. മറ്റുമതസ്ഥരെ ക്രിസ്തുമതപ്രവേശനത്തിനായി ആഹ്വാനം ചെയ്യുന്നതായിരുന്നില്ല പ്രഭാഷണങ്ങൾ. ജ്ഞാനം മനുഷ്യനിലേക്ക് പകരുകയെന്ന ദൗത്യമാണ് അദ്ദേഹം നിർവഹിച്ചത്. ഗദ്യത്തിൽ പ്രഭാഷണകലയുടെ സ്വാധീനം പ്രകടമാകുന്നുണ്ട്. സാഹിത്യഗദ്യത്തിന്റെ ആരംഭവും പ്രഭാഷണത്തിൽ നിന്നാണല്ലോ. താളാത്മകമായ പ്രഭാഷണത്തിനുടമായായിരുന്നു റവ. ജോർജ്ജ്മാത്തൻ. അനുദിനജീവിതപ്രമേയങ്ങളേയും അവതരിപ്പിക്കുന്ന ഭാഷയേയും പ്രഭാഷണകലയിലൂടെ കൈമാറ്റം നടത്താൻ സാധിക്കുന്നു.

## വിവർത്തകൻ

'സംയുക്തി'യും 'സംവാദ'വുമാണ് റവ. ജോർജ് മാത്തന്റെ വിവർത്തനഗ്രന്ഥങ്ങൾ. ജോസഫ് ബട്‌ലർ എന്ന പാതിരിയുടെ ദൈവശാസ്ത്രഗ്രന്ഥത്തിന് സംയുക്തി എന്ന പേരിൽ അദ്ദേഹം നിർവ്വഹിച്ച വിവർത്തനം 1866 -ൽ കോട്ടയം ചർച്ച് മിഷൻ പ്രസ്സ് പ്രസിദ്ധീകരിച്ചു. ബോധജ്ഞാനകവും ദത്തജ്ഞാനകവുമായ വേദമാർഗ്ഗത്തിന്നു സംയുക്തി എന്നാണ് ടൈറ്റിൽ പേജിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഒരു സംവാദം എന്ന പേരിൽ റവ. ജോർജ് മാത്തൻ പൂർത്തിയാക്കിയ വിവർത്തനം അദ്ദേഹത്തിന്റെ മരണശേഷം 'മലയാളം റിലീജിയസ് ട്രാക്റ്റ് ആൻഡ് ബുക് സൊസൈറ്റി' 1884 -ൽ പ്രസിദ്ധപ്പെടുത്തി. A Conversation Between A Pandit of Benares and an English Judge by Dr. Mullens translated by the late Rev. G. Matthan എന്ന് ടൈറ്റിൽ പേജിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതേ പ്രസിദ്ധീകരണവിഭാഗം തന്നെ1896 -ൽ 'മറുജന്മത്തെക്കുറിച്ച് റവ. ജോർജ് മാത്തന്റെ ലഘുഗ്രന്ഥവും പ്രസിദ്ധീകരിച്ചു. ടൈറ്റിൽ പേജിൽ On Transmigration An Essay By The Rev. G. Matthen എന്ന് കൊടുത്തിരിക്കുന്നു.ആരും ശ്രദ്ധിക്കാതെയിരുന്ന ഒരു ഭാഷയെ കാഠിന്യമേറിയ വിഷയങ്ങളിൽ അവതരിപ്പിച്ചുകൊണ്ട് ആ ഭാഷയുടെ ഗരിമയെ കാട്ടികൊടുക്കുകയായിരുന്നു. ഗദ്യഭാഷയുടെ ശക്തിയാണ് വിവർത്തനകൃതികൾ അടയാളപ്പെടുത്തുന്നത്. വിവർത്തനശാസ്ത്രത്തെക്കുറിച്ച് താൻ ബോധവാനാണെങ്കിലും തന്റെ കരങ്ങളിലുള്ള ഭാഷയുടെ പരിമിതിയെ മനസ്സിലാക്കിക്കൊണ്ട് ആ ഭാഷയെ മികച്ചതാക്കുകയെന്ന ലക്ഷ്യമാണ് തന്റെ വിവർത്തനകൃതികളിലുടെ സാദ്ധ്യമാക്കിയത്.

## ഗദ്യഭാഷാശില്പി

വ്യത്യസ്ത വിഷയങ്ങൾ ആസ്പദമാക്കി റവ.ജോർജ് മാത്തൻ എഴുതിയ നിരവധി ലഘുപ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ആധുനികഗദ്യസാഹിത്യത്തിന്റെ ഉത്തമമാതൃക അദ്ദേഹത്തിന്റെ രചനകളിലാണ് നമുക്ക് ആദ്യമായി കാണാൻ കഴിയുന്നത്. വിഷയത്തിന്റെ

സ്വഭാവത്തിന് യോജിച്ചരീതിയിൽ പ്രബന്ധങ്ങളുടെ ഭാഷയിലും അദ്ദേഹം മാറ്റം വരുത്തിയിരുതായി കാണാം. ബഹുഭാഷാപണ്ഡിതനായ അദ്ദേഹത്തിന് തന്റെ ശാസ്ത്രജ്ഞാനം മാതൃഭാഷയിൽ തന്നെ അവതരിപ്പിക്കാൻ പ്രത്യേകതാത്പര്യം ഉണ്ടായിരുന്നു. അതിന് യോജിച്ച സാങ്കേതികപദാവലി ഉപയോഗിക്കുകവഴി മലയാളഭാഷയുടെ സാധ്യതകൾ കാട്ടിത്തരിക എന്നതും അദ്ദേഹത്തിന്റെ ലക്ഷ്യമായിരുന്നു. 'അന്തരീക്ഷം' എന്ന പ്രബന്ധം ഇതിനുദാഹരണമാണ്. 'ആകാശത്തുള്ള ഗോളങ്ങൾ' ജ്യോതിർഗ്ഗണിത (Astrology)ത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന പരിജ്ഞാനം വെളിവാക്കുന്നു. ഭൂമിശാസ്ത്രത്തെ അധികരിച്ചെഴുതിയ 'ഭൂമി ഉരുണ്ടതാകുന്നു എന്ന ലേഖനം ഏതദ് വിഷയത്തിലുള്ള ആദ്യ ഭാഷാലേഖനമാണ്. 'സാധാരണ ചികിത്സാശാല' എന്ന ലേഖനത്തിൽ വൈദ്യശാസ്ത്രസംബന്ധമായ കാര്യങ്ങൾ ചർച്ച ചെയ്യുന്നു. തിരുവനന്തപുരത്ത് പുതിയതായി ആരംഭിച്ച ജനറൽ ആശുപത്രിയോടു ചേർന്ന്നാട്ടുവൈദ്യശാല സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് ഈ ലേഖനത്തിൽ പരാമർശിക്കുന്നത്. സാമൂഹികശാസ്ത്രമായിരുന്നു റവ.ജോർജ് മാത്തന്റെ മറ്റൊരു ഇഷ്ടമേഖല. 'മരുമക്കത്തായത്താലുള്ള ദോഷങ്ങൾ' എന്ന ലേഖനം സാമൂഹികപ്രശ്നങ്ങളെ അപഗ്രഥിക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും ലേഖകനുള്ള പാടവം വ്യക്തമാക്കുന്നു. സാമ്പത്തികവിദഗ്ദ്ധന്റെ ദീർഘവീക്ഷണത്തോടെ കാര്യങ്ങൾ വിശകലനംചെയ്യാനും അദ്ദേഹത്തിന് കഴിഞ്ഞിരുന്നു.

നാണയമൂല്യശോഷണത്തെക്കുറിച്ച് ആ കാലത്തുതന്നെ കാര്യങ്ങൾ സവിസ്തരം പ്രതിപാദിക്കുന്ന 'കൊഴുമുതലാണ്മ' എന്ന ലേഖനവും ശ്രദ്ധേയമാണ്. സാമുദായികപരിഷ്കരണത്തിൽ അദ്ദേഹം പുലർത്തിയിരുന്ന താത്പര്യമാണ് മരുമക്കത്തായത്താലുള്ള ദോഷങ്ങൾ, പുലയരുടെ വിദ്യാഭ്യാസം തുടങ്ങിയ ലേഖനങ്ങളുടെ രചനയ്ക്ക് പ്രചോദനമായത്.

## സാമൂഹികപരിഷ്കർത്താവ്

റവ.ടി.ജി. റാഗ്ലണ്ടിന്റെ നിർദ്ദേശപ്രകാരം റവ.ഹോക്സ്വർത്തും റവ.ജോർജ് മാത്തനും കൂടി മല്ലപ്പള്ളിയിൽ അടിമോദ്ധാരണമിഷൻ സ്ഥാപിച്ചു. മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഒരു പ്രേഷിതപ്രയാണചരിത്രം എന്ന കൃതിയിൽ വിശദമാക്കുന്നുണ്ട്. 'മല്ലപ്പള്ളിക്കു സമീപമുള്ള സ്ഥലത്ത് പാവപ്പെട്ട അടിമകളുടെ ഇടയിൽ വളരെ പ്രതീക്ഷ നൽകുന്ന ഒരു പ്രവർത്തനം നടക്കുന്നു. ഈ രാജ്യത്ത് ഈ പാവം ജീവികളെ ഉയർന്ന ജാതിക്കാർ അങ്ങേയറ്റം അശുദ്ധരും അയിത്തക്കാരും ആയിട്ടാണ് കരുതുന്നത്.'(പുറം 651) എന്ന് റവ.റാഗ്ലണ്ട് കുറിച്ചിട്ടിട്ടുണ്ട്. 'അടിമകളുടെ ഇടയിലെ പ്രവർത്തനം ആരംഭിച്ചത് ഏറ്റവും പ്രതികൂലമായ ചുറ്റുപാടിലാണ്. വിഭിന്നസമുദായങ്ങളിൽപെട്ട വ്യക്തികൾ-ക്രിസ്ത്യാനികളും ഹിന്ദുക്കളും -അവർ തമ്മിലുള്ള പിണക്കങ്ങൾ തല്ക്കാലം മറന്ന് നമ്മുടെ പരിശ്രമങ്ങളെ എതിർക്കുവാൻ ഒന്നിച്ചു. സ്കൂൾ പലതവണ തീയിട്ടു. അവരുടെ ജീവനുള്ള സ്വത്തായ അടിമകളുടെ സദാചാരപുരോഗതിമൂലം അവരുടെ മേലുള്ള പിടി അയഞ്ഞുപോയേക്കുമെന്ന് പ്രൊട്ടസ്റ്റന്റു സഭാംഗങ്ങളായ യജമാനന്മാർ ചിന്തിച്ചു .അടിമകളെ

പഠിപ്പിക്കുന്നതിനെ അനുകൂലിച്ച,അങ്ങനെയുള്ള യജമാനന്മാർക്കും പീഡനങ്ങൾ സഹിക്കേണ്ടിവന്നു. അടിമകളുമായി അടുത്തുപെരുമാറിയതിനാൽ അവരും അശുദ്ധരാണ് ഹിന്ദുക്കളായ യജമാനന്മാർ വിധിച്ചു. അതുകൊണ്ട് പ്രൊട്ടസ്റ്റന്റുകാരായ യജമാനന്മാരെ അപമാനിക്കുന്ന തരത്തിൽ അയിത്തക്കാരോട് പെരുമാറി.'(പുറം 651)

റവ. റാഗ്ലണ്ടിന്റെ നിർദ്ദേശപ്രകാരം റവ. ജോർജ് മാത്തൻ അധകൃതരുടെ ഉമന്നനത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോൾ തിരുവിതാംകൂറിൽ അത്തരം പ്രവർത്തനങ്ങൾക്കുള്ള സമയമായിട്ടില്ല എന്നുപറഞ്ഞ് ധാരാളം പേർ അദ്ദേഹത്തെ നിരുത്സാഹപ്പെടുത്തി. ഇത് അദ്ദേഹത്തെ പിന്തിരിപ്പിച്ചില്ല എന്നുമാത്രമല്ല, മല്ലപ്പള്ളിയിൽ ആരംഭിച്ച പ്രവർത്തനം ഇതരപ്രദേശങ്ങളിലേക്കും വ്യാപിക്കുകയാണ് ഉണ്ടായത്. കേരളത്തിലെ നായർസമൂദായത്തിന്റെ അപചയത്തിന് ഒരു കാരണമായിരുന്ന മരുമക്കത്തായത്തെക്കുറിച്ച് വിവരിക്കുകയാണ് 'മരുമക്കത്തായത്താലുള്ള ദോഷങ്ങൾ'. ഇന്ത്യയിൽ എന്നല്ലാ ലോകത്തിലൊരിടത്തും ഇത്തരത്തിലുള്ള ആചാരം കണ്ടെത്താനാകില്ലെന്ന് വാദിക്കുന്നുണ്ട്. സ്ത്രീയുടെ നില ഉയർത്തുകയെന്ന ലക്ഷ്യംകൂടി ജോർജ്ജ് മാത്തനുണ്ടായിരുന്നു. ബ്രാഹ് മണസ്ത്രീകളുടെ ഇരുളടഞ്ഞ ജീവിതത്തെയും സാധാരണസ്ത്രീയുടെ അകമിടങ്ങളെയും ചോദ്യം ചെയ്യുന്നു. ശൂദ്രന്റെ അവസ്ഥ മാറണമെങ്കിൽ വിദ്യാഭ്യാസം മാത്രമേ പോംവഴിയുള്ളുവെന്നും ശഠിക്കുന്നു. അടിമുടി ഹ്യുമനിസ്റ്റ് ആയിരുന്നു റവ. ജോർജ്ജ് മാത്തൻ. ഇതാ! ഒരു മനുഷ്യൻ എന്നുപറയത്തക്കവിധത്തിൽ.

## വിദ്യാഭ്യാസപ്രചരണം

നാട്ടുഭാഷാദ്ധ്യയനത്തിന്റെ പ്രാധാന്യം ദിവാൻ സർ ടി. മാധവരായരുടെ ശ്രദ്ധയിൽ ആദ്യമായി കൊണ്ടുവന്നത് റവ. ജോർജ് മാത്തനാണ്. മാതൃഭാഷതന്നയായിരിക്കണം ബോധന മാധ്യമം എന്നകാര്യത്തിൽ അദ്ദേഹത്തിനുറപ്പുണ്ടായിരുന്നു. സ്ത്രീകളുടെ ഉന്നമനത്തിന് വിദ്യാഭ്യാസം കൂടിയേതീരൂ എന്നദ്ദേഹം മനസ്സിലാക്കിയിരുന്നു. ഏത് വിഷയങ്ങളിലുമുള്ള പ്രഭാഷണങ്ങൾ തിരുവിതാംകൂറിലും ഇതരപ്രദേശങ്ങളിലും നടത്താൻ റവ. ജോർജ് മാത്തനെ സർ ടി. മാധവരായർ നിയോഗിച്ചിരുന്നു.

മല്ലപ്പള്ളിയിൽ ഈഴാംമുറിയിൽ റവ.ജോർജ് മാത്തൻ ചമ്പക്കര തുടങ്ങിയ സ്ഥലങ്ങളിൽനിന്നും വരുന്ന അധസ്ഥിതവിഭാഗങ്ങളിലുള്ളവർക്ക് രാത്രികാലങ്ങളിൽ വേദപാഠക്ലാസ്സുകൾ എടുത്തിരുന്നു. 'ജോരജ് മാത്തൻ ചെയ്ത ശ്രമങ്ങൾ മുഖേനയാണ് പറയർ, പുലയർ, ഉള്ളാടന്മാർ, മലയരന്മാർ മുതലായ അധകൃതജാതിക്കാരിൽ പലരും മതം, സന്മാർഗ്ഗം, വിദ്യാഭ്യാസം, സാമൂഹ്യസ്ഥിതി ആദിയായ വിഷയങ്ങളിൽ പരിഷ്കാരം പ്രാപിച്ചത് .മേൽജാതിക്കാരന്നഭിമാനിക്കുന്നവരോട് സമന്മാരായി തീർന്നിരിക്കുത് എന്ന് പുത്തൻകാവ് മാത്തൻ തരകൻ പ്രസ്താവിച്ചിട്ടുണ്ട് .

നായർസമുദായത്തിൽ നിലവിലുണ്ടായിരുന്ന മരുമക്കത്തായസമ്പ്രദായംമൂലം ആ വിഭാഗക്കാർ അനുഭവിച്ചുകൊണ്ടിരുന്ന നിരവധി പ്രശ്നങ്ങളെക്കുറിച്ച് റവ. ജാർജ് മാത്തന് ആശങ്കകളുണ്ടായിരുന്നു. ആ സമ്പ്രദായം അവസാനിപ്പിക്കാതെ നായർസമുദായത്തിന് യാതൊരു അഭ്യുതിയും ഉണ്ടാകില്ലെന്ന് തനിക്കുള്ള ബോധ്യം ജ്ഞാനനിക്ഷേപം, വിദ്യാസംഗ്രഹം എന്നീമാസികകളിലെ ലേഖനങ്ങളിലൂടെ അദ്ദേഹം വായനക്കാരുമായി പങ്കുവെച്ചിരുന്നു. മരുമക്കത്തായത്താലുള്ള ദോഷങ്ങൾ എന്ന ലേഖനം 1866-ലാണ്പ്രസിദ്ധീകരിച്ചത്.

## അർപ്പണബോധമുള്ള പുരോഹിതൻ

റവ. ജോർജ് മാത്തന്റെ ഭാഷാപാണ്ഡിത്യവും സാമൂഹികപരിഷ് കരണത്തിലുള്ള ഉത്സാഹവും ബോധനരീതികളിലുള്ള അവഗാഹവും തിരിച്ചറിഞ്ഞ തിരുവിതാംകൂർ ദിവാനായ ടി. മാധവരായർ വിദ്യാഭ്യാസവകുപ്പിന്റെയും ബുക്ക്കമ്മിറ്റിയുടെയും അദ്ധ്യക്ഷനാകാൻ നിർബന്ധിച്ചപ്പോൾ ഒരു വൈദികനായ തനിക്ക് സർക്കാർപണി അനുചിതമല്ലെന്ന് മറുപടി കൊടുക്കുകയാണ് ചെയ്തത്. മതനിരപേക്ഷതയും ദേശാഭിമാനവും ഭാഷാസ്നേഹവുമുള്ള വൈദികനായി ജീവിക്കുവാൻ അദ്ദേഹത്തിന് സാധിക്കുകയും ചെയ്തു.

## ശാസ്ത്രസാഹിത്യകാരൻ

ശാസ്ത്രീയചിന്തകളെ അവതരിപ്പിക്കുവാൻ മലയാളഭാഷയ്ക്കിന്നും കഴിയില്ല എന്ന വാദങ്ങൾക്കുള്ള മറുപടിയാണ് റവ. ജോർജ്ജ് മാത്തൻ പത്തൊൻപതാംനൂറ്റാണ്ടിലെഴുതിയ ശാസ്ത്രലേഖനങ്ങൾ. 'അന്തരീക്ഷ'ത്തെക്കുറിച്ചെഴുതിയ ലേഖനത്തിൽ സമുദ്രം, ഭൂമിയുടെ വിവിധഭാഗങ്ങൾ, പർവ്വതങ്ങൾ, ദ്വീപുകൾ, വായു എന്നിവയെക്കുറിച്ച് ശാസ്ത്രീയചർച്ച നടത്തുന്നുണ്ട്. ആകാശഗോളങ്ങളിൽ ഓരോന്നിന്റെയും വലിപ്പത്തെയും അവതമ്മിലുള്ള അകലത്തെയുംകുറിച്ച് നടത്തിയ പഠനം സൂക്ഷ്മവും ഗഹനവുമാണ്. ശാസ്ത്രീയവിഷയങ്ങൾ ചർച്ച ചെയ്യുമ്പോൾ സാങ്കേതികപദങ്ങളുടെ വിവർത്തനമാണ് പ്രയാസകരം. എല്ലാത്തരം ഭാഷാസാങ്കതേികസന്ദർഭങ്ങളെയും അനായാസം മറികടന്നു. ജ്യോഗ്രഫി ഒരു വിജ്ഞാനശാഖയായി മലയാളത്തിൽ വികസിക്കാതിരുന്ന കാലഘട്ടത്തിലാണ് ആ വിഷയത്തെക്കുറിച്ച് ആധികാരികമായി ആദ്ദേഹം ലേഖനങ്ങളെഴുതിയത്. ഭൂമി ഉരുണ്ടതാകുന്നു എന്നുള്ള ലേഖനത്തിൽ ഭൂമി എപ്രകാരമാണ് ഗോളാകൃതി പ്രാപിച്ചതെ് പലവിധത്തിലുള്ള വാദഗതികളിലൂടെ വായനക്കാരനിലേക്ക് എത്തിക്കുന്നു.

## ധനതത്ത്വശാസ്ത്രജ്ഞൻ

ജന്മികുടിയാൻബന്ധം, വസ്തുക്കളുടെ ക്രയവിക്രയം തുടങ്ങി റവന്യുസംബന്ധമായ വിഷയങ്ങളെ ചർച്ചചെയ്യുകയാണ് 'കൊഴുമുതലാണ്മ'. നാണയമൂല്യശോഷണത്തെക്കുറിച്ച് അന്നത്തെ പാശ്ചാത്തലത്തെ മുൻനിർത്തി വിശദമാക്കുന്നു. രൂപ, ചക്രം മുതലായ നാണയങ്ങളുടെ

വിപണിമുല്യത്തെക്കുറിച്ച് ചർച്ചചെയ്യുന്നു. നാണയമൂല്യശോഷണത്തിനു കാരണമായേക്കാവുന്ന സാമൂഹികചർച്ചയും വിവരിക്കുന്നു.ഒപ്പംതന്നെ ലോകനാണയമൂല്യചർച്ചയും ചേർക്കുന്നു. വായു, വെള്ളം എന്നിവയൂടെ മൂല്യത്തെക്കുറിച്ച് വിവരിച്ചുകൊണ്ട് സമകാലികസാഹചര്യങ്ങളെ മുന്നിൽക്കാണുവാനും ഈ ധനതത്ത്വശാസ്ത്രജ്ഞന് കഴിയുന്നുണ്ട്. പൊന്ന്, വെള്ളി എന്നിവയുടെ ആഗോളവിപണിയും സവിശേഷചർച്ചയ്ക്ക് ആധാരമാക്കുന്നുണ്ട്.

## വിദ്യാഭ്യാസമന:ശ്ശാസ്ത്രജ്ഞൻ

ആധുനികവിദ്യാഭ്യാസചിന്തകൾ മിക്കവയും ആദ്യമായവതരിപ്പിച്ചത് റവ.ജോർജ് മാത്തനാണ്. പത്തൊമ്പതാംനൂറ്റാണ്ടിൽ പറഞ്ഞുവെച്ച ചിന്തകളാണ് ആധൂനികമെന്ന് പേരിട്ട് വിളിക്കുന്നതന്ന്. 1867ൽ ജോർജ് മാത്തൻ നടത്തിയ 'ബാലഭ്യസനം' എന്നപേരിലുള്ള പ്രഭാഷണം സവിശേഷതയുള്ളതാണ്. ബാലഭ്യസനത്തിന്റെ പ്രധാന്യത്തെക്കുറിച്ചും ബാലശിക്ഷണത്തെക്കുറിച്ചും കുട്ടികൾ പഠിച്ചിരിക്കേണ്ട വിഷയത്തെക്കുറിച്ചും അനുഭവസിദ്ധമായ അഭിപ്രായങ്ങൾ ഉറപ്പിക്കുന്നു. മന:പാഠപഠനത്തെക്കുറിച്ചും വാചാലനാകുന്നുണ്ട്. വിദ്യാഭ്യാസം ആവോളം രസം തോന്നത്തക്കവിധത്തിൽ ആയിരുന്നാൽ മാത്രമേ വിദ്യാർത്ഥി ജിജ്ഞാസുവായിരിക്കുള്ളുവെന്നും വിശദമാക്കുന്നു.പൊതുവിദ്യാഭ്യാസം കഴിഞ്ഞാലുള്ള ഐശ്ചികപഠനരീതിയെക്കുറിച്ചും വിശദമാക്കുന്നു. പഠിക്കുന്ന കാര്യങ്ങൾ ഓർമ്മയിൽ നിലനിർത്താനുള്ള മാർഗ്ഗങ്ങളും വിശദീകരിക്കുന്നു.ബാലഭ്യസനം മാതൃഭാഷയിലാകണമെന്ന് ആദ്യം വാദിച്ചതും ജോർജ് മാത്തൻ തന്നെയാണ്. സാർവ്വത്രികവിദ്യാഭ്യാസത്തിന്റെ വക്താവാണദ്ദേഹം.

## നിരൂപകൻ

ടി. ലക്ഷ്മണരായരുടെ സന്മാർഗ്ഗോപദേശം എന്ന വിവർത്തനഗ്രന്ഥത്തിന് റവ. ജോർജമാത്തൻ എഴുതിയ നിരൂപണം മലയാളത്തിലെ ആദ്യ പുസ്തകനിരൂപണമാണ്. 1864 ജൂലൈ ലക്കം വിദ്യാസംഗ്രഹത്തിലാണ് ഇത് അച്ചടിക്കപ്പെട്ടത്. മലയാളം ഔദ്യോഗികഭാഷ ആക്കണമെന്ന നിർദ്ദേശവും ഈലേഖനത്തിൽ കാണാം. പത്രപ്രവർത്തനത്തിന്റെ ഭാഗമായി നിരൂപണത്തെ അദ്ദേഹം ഒപ്പംകൂട്ടി.ഭാഷശുദ്ധി,സാമൂഹികബോധം എിവയിലൂന്നിയ നിരൂപണപ്രക്രിയയാണ് നടത്തിയത്. സംസ്കൃതഭാഷയുടെ പ്രാധാന്യത്തെ ഉറപ്പിച്ചിരുന്ന പൊതുബോധത്തിലേക്കാണ് മലയാളഭാഷയെ കയറ്റിയിരുത്തിയത്. ഭാഷാപരീക്ഷണം എന്നതിലുപരിയായി വ്യവഹാര-സാഹിത്യഭാഷയിലുള്ള അട്ടിമറിയാണ് നടത്തിയത്. സാധാരണജനങ്ങളിലേക്ക് ഭാഷയെ അരിച്ചുകയറ്റാൻ ഗദ്യഭാഷയിലൂടെ സാധ്യമാകുമെന്ന് തിരിച്ചറിഞ്ഞുള്ള പ്രവർത്തനമാണ് കാഴ്ചവെച്ചത്. സ്വന്തം വ്യാകരണഗ്രന്ഥത്തെ ആധാരമാക്കി ഗദ്യഭാഷയിലെ ശരിതെറ്റുകൾ ചൂണ്ടികാട്ടി.

പ്രബന്ധരചന, പ്രഭാഷണം, വ്യാകരണഗ്രന്ഥരചന, വിവർത്തനം, വേദാന്തതത്വപ്രതിപാദനം, ആധുനികശാസ്ത്രവിശദീകരണം, ഗ്രന്ഥനിരൂപണം

എന്നിങ്ങനെ ഭാഷയുടെ വ്യത്യസ്തവ്യവഹാരങ്ങൾക്ക് ശക്തമായ അടിത്തറയിട്ട പ്രതിഭാശാലിയാണ് റവ. ജോർജ് മാത്തൻ . പത്രപ്രവർത്തനമേഖലയിൽ സജീവമായി പ്രവർത്തിച്ച ആദ്യമലയാളിയും ഇദ്ദേഹമാണ്. അവർണ്ണവിഭാഗക്കാരുടെ വിദ്യാഭ്യാസത്തിനും ഉന്നമനത്തിനുംവേണ്ടി പ്രവർത്തിക്കാൻ അദ്ദേഹത്തിനു പ്രത്യേക താല്പര്യം ഉണ്ടായിരുന്നു. ചുരുക്കത്തിൽ ഭാഷയ്ക്കും സമൂഹത്തിനും സഭയ്ക്കുംവേണ്ടി സമർപ്പിക്കപ്പെട്ട ധന്യജീവിതമായിരുന്നു റവ.ജോർജ് മാത്തന്റേത്. പ്രബന്ധരചനയ്ക്കും പ്രഭാഷണകലയ്ക്കും വ്യാകരണത്തിനും തത്ത്വചിന്തകൾക്കും ശാസ്ത്രവിജ്ഞാനങ്ങൾക്കും നിരുപണത്തിനും സാമൂഹികവിമർശനത്തിനുമൊക്കെ അനുചിതമായി ഗദ്യഭാഷയെ കെട്ടിപ്പടുക്കുകയാണ് ജോർജ് മാത്തൻ ചെയ്തത്. ബോധനമാധ്യമം ഗദ്യത്തിന്റെ മുഖമാണെന്ന് മനസ്സിലാക്കിയാണ് മാതൃഭാഷാധ്യാപനത്തിനുവേണ്ടി വാദിച്ചത്. മലയാളഗദ്യഭാഷയുടെ വേരുകൾ ചെന്നെത്തുന്നത് ഇദ്ദേഹത്തിന്റെ കൃതികളിലാണെന്നതിൽ തർക്കമില്ല. ഭാഷയെ ബഹുസ്വരതയിലൂടെ വികസിപ്പിക്കുകയാണ് ഇദ്ദേഹം ചെയ്തത്. യുക്തിഭദ്രമായ പ്രയോഗത്തിലൂടെയത് സാധിച്ചെടുത്തുവെങ്കിലും മലയാളഭാഷാപഠനലോകം വേണ്ടത്ര ഇടം ഇദ്ദേഹത്തിന്റെ രചനകൾക്ക് നൽകുന്നില്ല.

### ഗ്രന്ഥസൂചി

1. സാമുവൽ ചന്ദനപ്പള്ളി ഡോ., റവ.ജോർജ് മാത്തൻ കൃതികളും പഠനവും, ഓറിയന്റൽ റിസർച്ച്ഇൻസ്റ്റിറ്റ്യൂട്ട് , ചന്ദനപ്പള്ളി, 1992.

2.സാമുവേൽ നെല്ലിമുകൾ (ചീഫ് എഡി.), ഒരു പ്രേഷിതപ്രയാണചരിത്രം- സി.എം.എസ്. മിഷന്റെയും മദ്ധ്യകേരള മഹായിടവകയുടെയും ചരിത്രം, വോള്യം രണ്ട്, സി.എസ്.ഐ. ഡയോസിസൻ പബ്ലിക്കേഷൻ, കോട്ടയം, 2016.

3. സുധാ മേരി തോമസ് ഡോ.(എഡി.), റവ.ജോർജ് മാത്തനും മലയാളവ്യാകരണവും, കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2019.

4. മാത്തൻ തരകൻ പുത്തൻകാവ് , റവ. ജോർജ്ജുമാത്തൻ, മലയാളക്രൈസ്തവസാഹിത്യസമിതി, , കോട്ടയം ,1940

# ISARA INSTITUTE OF MANAGEMENT & PROFESSIONAL STUDIES




RESEARCH GATEWAY







AROGYAM ONLINE

# PARIVARTAN PSYCHOLOGY CENTER






भारतीय भाषा, शिक्षा, साहित्य एवं शोध

ISSN 2321 – 9726

WWW.BHARTIYASHODH.COM

INTERNATIONAL RESEARCH JOURNAL OF MANAGEMENT SCIENCE & TECHNOLOGY

ISSN – 2250 – 1959 (0) 2348 – 9367 (P)

WWW.IRJMST.COM

INTERNATIONAL RESEARCH JOURNAL OF COMMERCE, ARTS AND SCIENCE

ISSN 2319 – 9202

WWW.CASIRJ.COM

INTERNATIONAL RESEARCH JOURNAL OF MANAGEMENT SOCIOLOGY & HUMANITIES

ISSN 2277 – 9809 (0) 2348 - 9359 (P)

WWW.IRJMSH.COM

INTERNATIONAL RESEARCH JOURNAL OF SCIENCE ENGINEERING AND TECHNOLOGY

ISSN 2454-3195 (online)

WWW.RJSET.COM

INTEGRATED RESEARCH JOURNAL OF MANAGEMENT, SCIENCE AND INNOVATION

ISSN 2582-5445

WWW.IRJMSI.COM

JOURNAL OF LEGAL STUDIES,POLITICS AND ECONOMICS RESEARCH

WWW.JLPER.COM